# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3365.

08-11-2019 ൽ മറുപടിയ്ക്ക്

## സോയിൽ ഹെൽത്ത് കാർഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണിന്റെ സൂക്ഷ്മഗുണങ്ങൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ - സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം 2019-2020 വർഷത്തിൽ ഡെവലപ്മെന്റ് ഓഫ് മോഡൽ വില്ലേജസ് എന്ന പൈലറ്റ് പ്രോജക്ട് സംസ്ഥാനത്തെ 14 ജില്ലകളിലായി 152 വികസന ബ്ലോക്കുകളിൽ തെരെഞ്ഞെടുക്കപ്പെട്ട ഓരോ വില്ലേജുകളിൽ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം മണ്ണ് പരിശോധന ശാലകളിൽ മണ്ണിന്റെ അമ്ലത (പി.എച്ച്), വൈദ്യുത ചാലകത (ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി), ജൈവ കാർബണിന്റെ അളവ് (ഓർഗാനിക് കാർബൺ %), ലഭ്യമായ ഫോസ്ഫറസ്, പൊട്ടാസ്യം, സൾഫർ എന്നിവയ്ക്ക് പുറമെ സൂക്ഷ്മ മൂലകങ്ങളായ കോപ്പർ, മാംഗനീസ്, ഇരുമ്പ്, സിങ്ക്, ബോറോൺ എന്നിവ പരിശോധിച്ച് വിളകൾക്കാവശ്യമായ വളം സോയിൽ ഹെൽത്ത് കാർഡുകളിലൂടെ ശിപാർശ ചെയ്യുന്നു. 2019-2020-ൽ ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എത്ര കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ബി) | ഈ പദ്ധതിയുടെ ഒന്നാമത്തെ സൈക്കിളിൽ (2015-16, 2016-17) - 763435 എണ്ണം, രണ്ടാമത്തെ സൈക്കിളിൽ (2017-18, 2018-19) - 2052653 എണ്ണം എന്നിങ്ങനെ ആകെ 2816088 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിന് മണ്ണ് സാമ്പിൾ ശേഖരണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ